Rāmān-cari-
tam

1905

Ci
XIV
290

Kps. 47

N12<526553426 021
ubTÜBINGEN
LS
G. HIPP
Schreibwarenhandlung
Buchbinderei
UNTERHAUSEN/TEL.267

UNIV. BIBL. TÜBINGEN

Rāmān-caritam

# രാമാനചരിതം

തുള്ളക്കഥ.

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം
ഉടമസ്ഥർ സുബ്ബ്രഹ്മണ്യാതെനാട്ടു
റെഡ്യാരുടെ ചിലവിന്മേൽ
ടി-അച്ചുക്കൂടത്തിൽ
അച്ചടിച്ചതു്.

൩-ാം പതിപ്പു്.
൧൦൦൦-കാപ്പികൾ.

൧൦൮൦.

1080 [=1905]

...വക്രയെന്നാകമറിഞ്ഞാലും
...പ! ഗന്ധകമ്മിണിശ്രേഷ്ഠഞാൻ
...ടയംഗരാഗംകംനനേററവും
...ഹേ! ഭരമരെററാന്നിഹില്ലിഷ്ടയും
...മാർനിങ്ങളല്ലാതെയാരുള്ളൂ-
...തന്നംഗരാഗംധരിച്ചീടുവാൻ
...ലാക്യവാനികളാരുമില്ലദ്ദൃഢം
...വവേണ്ടതുനൽകുന്നതുണ്ടുഞാൻ
...വന്നുക്രട്ടമെനിക്കെന്നവൾ
...നചൊല്ലിനന്ദാത്മജൻതന്നുടെ
...ദ്രപവുംമന്ദഹാസാഭയും
...കഃവുംമഞ്ജുളവാക്യവും
...ഗ്രഹിച്ചവൾമന്മഥദീനയായ്
...ലോചനനംഗരാഗമതും
...ംക്രൂടിനല്കീടിനാളപ്പൊഴു-

നാഗകന്യാക്കൾതാപംകളഞ്ഞീടുന്ന
കാമിനി! നിൻഗൃഹേവന്നീടുവൻഞാനും
ഇന്നൊരുകാര്യംനിമിത്തമായ്പോകുന്നു
മന്ദമെന്ന്യെയതുസാധിച്ചമോദേന
വന്നീടുവൻനിൻഗൃഹത്തിൽവൈകീടാതെ
സുന്ദരി! നിന്മനസ്സാഭീഷ്ടംവരുത്തുവൻ
ദാരസംയുക്തരല്ലാത്തപുമാനർക്കിഹ
സാരസലോചനെ! നീയേഗതിയല്ലൊ
ഇത്ഥംമനോഹരവാക്യങ്ങൾകൊണ്ടവൾ
ചിത്തമോദംവളർത്താംഗനതന്നെയും
നന്നായുറഞ്ഞങ്ങയച്ചുമുകുന്ദനും
നന്ദിച്ചപിന്നെനടക്കുന്നനേരത്തു
കാണുന്നകാണുന്നനാരിമാരേവരും
പ്രാണാദികൾമറന്നീടുന്നുചിത്തജ-
താപംവളർന്നുമുകുന്ദസ്മരണയാ

# രാമാനുചരിതം

## ഓട്ടംതുള്ളൽ.

ഹരിഃ ശ്രീഗണപതയേനമഃ

അവിഘ്നമസ്തു.

കാരണപൂരുഷനാകിയഭഗവാൻ വാരണവരദ
ൻവാരിജനയനൻ ദ്വാരാവതിപുരിതന്നിലുദാരം
ദാരങ്ങളുടെസമൂഹത്തോടും സ്വൈരംവാണരുളീ
ടിനകാലം നാരദമുനിവരനൊരുദിനമൊടു നാ
രായണനെക്കാണ്മതിനവിടെ പാരാതങ്ങെഴുന്നെ
ള്ളിനിഗൂഢം പതിനാറായിരമെട്ടുംസ്ത്രീകളുടെ പ
തിയാകുന്നപരന്പുരുഷൻതാൻ അതിമാനുഷനി
വനെങ്കിലുമനവധി മതിമുഖിമാരൊടുകൂടിരമി
പ്പാൻ മതിയായ്വരുമോതാനൊരുവൻപുന രതി
നുടെകൌശലമിങ്ങറിയേണം പ്രതിദിനമോരോ
നാരികളോടും രതിസുഖമനുഭവമെന്നുവരുമ്പോ
ൾ ഉഴവില്ലാതൊരുപല്ലുകിളുത്തൊരു പഴനില
മെന്നകണക്കേസ്ത്രീകൾ ക്രൂഴംവരുവാൻവളരെ
ക്കാലം പാഴിലിരുന്നോസംഗതികൂട്ട മുപ്പതുമെട്ടു
മൊരഞ്ചുംവർഷം മാസംപത്തുംദിവസമൊരെട്ടും
അങ്ങുകഴിഞ്ഞാലൊരുദിനമവനൊടു സംഗമമം
ഗനമാർക്കുലഭിക്കും രണ്ടാംകുറിവരുമളവേനാരിക
ൾ കണ്ടാലാകാതായ്വരുമപ്പോൾ തണ്ടാർമാതി

ൻകണവന്മാരായവർ വേണ്ടാതായ്വരുമക്കാലത്തു
തലമുടിയൊക്കെ വെളുത്തുനരച്ചും മുലയിണയു
ഞ്ഞിയുലഞ്ഞു ചമഞ്ഞും ചിലപല്ലിന്നുമിളക്കംവരു
മൊരുവിധപിടിയാത്തവളായ്വരുമപ്പോൾ ആയവ
ൾപെററുപെണ്ണെന്നാൽ പുന രവളുംപെററു
ടങ്ങുമതങ്ങിനെ മകളുംമകനും മരുകൾമകനും
വകപലതിങ്ങിനെതീൎന്നാലവിടെ സുഖമില്ലെന്നും
വന്നാഭവിക്കം കാളിയമഥനൻവളരെസ്ത്രീകളെ
വേളികഴിച്ചതുചിതമായില്ലെ? വേളിക്കുസുഖമി
ല്ലിസ്ത്രീകളെ ലാളിക്കുന്നതുമെങ്ങിനെകൃഷ്ണൻ മു
റുമൊരുത്തിയെലാളിക്കുമ്പോൾ മററപ്പെണ്ണി
നുമുഞ്ഞികറുക്കം തെററന്നവളെസ്സന്മാനിച്ചാൽ
കററംമററവളൊന്നുണ്ടാക്കം അററമതില്ലാതംഗ
നമാക്കിഹ കൊററുകൊടുത്തുംകോപ്പുകൾതീൎത്തും
പെററിനുകട്ടകംമഞ്ഞളുമുള്ളിയു മേററംപലവ
കചിലവുകളിട്ടും വളരെസ്ത്രീകളെവച്ചുപൊറുത്തും
ജളപുരുഷൻമുതലുള്ളതശേഷം കളവാനുള്ളൊ
രു ഗതിയാകം കളവാണികളിൽകാംക്ഷമുഴു
ത്താൽ നളിനവിലോചനനാകിയകൃഷ്ണനു നാരി
കളനവധിയുണ്ടായതിനാൽ കളിപറകല്ലൊരു
നേരവുമുള്ളിൽ തെളിവില്ലെന്നുംവന്നുഭവിക്കം
വാച്ചതുമസ്സനമുക്കെന്തതിനാൽ ംരംശരവില
സിതമാക്കീറിയാവു നന്ദൻകുമാര! ബോധിക്കാ
തെ ചെന്നുപത്തുക്കയ്യൊളിച്ചൊരുടിക്കിൽ നി
ന്നുടനൊന്നുവിശേഷമറിഞ്ഞ ങ്ങിനുനമുക്കുഗമി
ച്ചീടേണം ഇത്ഥംനാരദമാമുനിതന്നുടെ ചിത്തം
തന്നിൽവിചാരിച്ചങ്ങൊരു പുത്തൻമണിമാളിക
മുകളേറി പുരുഷോത്തമന്റെശയനഗൃഹത്തിൽ

Ui XIV 290. kps. 47

ചാലയവാതിൻപഴുതിൽക്കൂടെ ചാലെയൊളിച്ചു
ഥനോക്കുന്നേരം ഉത്തമപുരുഷൻവെററിലയും
തി ന്നത്തകാമിനിമണിയൊടുചേൎന്നഥ മെത്തക
രേറിമനോഭവലീലകൾ ചിത്തസുഖേനകഴിപ്പതു
കണ്ടു ഇന്നുമുരാന്തകനിവളോടുകൂടി ചേൎന്നായി
ക്കുംദിവസമതെല്ലൊ എന്നതറിഞ്ഞുമുനീന്ദ്രൻമ
റെറാരു മന്ദിരസീമനിചെല്ലുന്നേരം അവിടത്തി
ൽപുനരംബുജനേത്രന മവികലസുന്ദരിയാമൊ
രുപെണ്ണും പകിടകളിച്ചുംകൊണ്ടുരസിച്ചും വികു
ടവിനോദംവാണരുളുന്ന മറെറാരുഭവനെചെന്നു
മുനീന്ദ്രൻ പററിയൊളിച്ചഥനോക്കുന്നേരം കററ
ക്കുഴൽമണിയൊരുവൾമുകുന്ദന വെററതെറുത്തു
കൊടുപ്പതുകണ്ടു എത്രഗേഹാന്തെ ചെന്നുമുനീ
ന്ദ്രൻ കതകിൻനികടേനോക്കുന്നേരം ചതുരൻകൃ
ഷ്ണനുമൊരുസുന്ദരിയും ചതുരംഗംവെക്കുന്നതുകണ്ടു
വീണാധരമുനിമറെറാരുഭവനെ കാണാതവിടെ
യൊളിച്ചഥനോക്കി ചേണാൎന്നീടിനമധുസൂദന
നും ഏണാമിഴിയായീടിനപെണ്ണും വീണാദ്യാചൊരു
വിനോദത്തോടെ കാണായിവിടെരമിക്കുന്നതുമ
ഥ പരഭവനാന്തെചെന്നുമുനീന്ദ്രൻ പരമപുമാ
നെയുമവിടെക്കണ്ടു പരിമളമിളകിന മലയജ
മൊഴുകും പരഭൃതമൊഴിയുടെകുചഭരയുഗളം പരി
ചൊടുതിരുമാറിടമിടചേൎത്തഥ പരമസുഖേന
പുണൎന്നീടുന്ന പ്രാണാധിപനാംമാധവനിങ്ങിനെ
ഏണാമിഴിയുടെ പാദസരോജെ വീണാശ്രുവണ
ങ്ങീടുന്നതുമഥ കാണായ്വന്നിതുമറെറാരുഭവനേ ന
ലമൊടുമറെറാരുഗേഹേകൃഷ്ണൻ ചപലമിഴിയെനി
ജമടിയിലിരുത്തി തലമുടിചിക്കിവിടുത്തീടുന്നൊ

സുലളിതമവിടെ കാണാകുന്നു കലിതരസകുതൂഹ
ലമന്യഗൃഹത്തിൽ കലിമുനിചെന്നുകരേറും നേ
രം ജലജദളേക്ഷണനേവംനല്ലൊരു ചലമിഴിയെ
നിജമടിയിലിരുത്തി മലയപങ്കജകുംകുമകളഭം
മുലകളിലണിയിക്കുന്നതുകണ്ടു കലഹപ്രിയമുനി
താനഥമറെറാരു നിലയംതന്നിൽചെല്ലുന്നേരംവ
ല്ലരിപുസഹജനൊരംഗനതന്നുടെ മുലയിണമെ
ല്ലത്തൊട്ടു തംപൊടി കലഹിക്കരുതെ കാമിനിനി
ന്നുടെ മുലയിണയാണമറെറാരുനാരിയെ ബല
നംചെയ്യില്ലാശുസുശീലേകലുഷതകളകളകളമൊ
ഴിമൊലെ കലദൈവതമെവരികസമീപേ ബല
ഭ്രാനുജനിങ്ങിനെയവളൊടുപലമൊഴി ഹന്ത
കനീഞ്ഞു പറഞ്ഞുകലഹംതീൎത്തുടനവടെ ലലാ
ടെ തിലകക്കുറിചേൎക്കുന്നതുകണ്ടു തട്ടിശിമറെറാ
രു ഗേഹേ കൃഷ്ണൻ മദ്ദളമൊത്തിപദവുംപാടി പ
ദ്യംചൊല്ലി പ്പൊരുളരുളീടിന വിദ്യാവിനോദവി
ഹീനൻകണ്ടാൻ രോഷമകന്നഥമറെറാരു ഭവ
നെവിശേഷമതറിവാൻചെല്ലുംനേരം

മല്ലാരിദേവനൊരു മല്ലാക്ഷിയൊടുംകൂടി മു
ല്ലായുധവിശിഖ മുല്ലാസത്തൊടുംകൂടി മെല്ലെവ
രികതടവില്ലേതുമെന്നുമലർവില്ലേന്തിവരുന്നൊരു
മല്ലൻമദനനെന്നെ കൊല്ലുന്നതിന്നുമുമ്പെതെല്ലും
മടികൂടാതെവെല്ലം പഞ്ചസാരയും വെല്ലുമധരമ
തുമെല്ലെന്നു തരികനീകില്ലൊന്നുമിന്നുവേണ്ടാ ന
ല്ലന്തിനെരമൊരുവല്ലന്തിയുണ്ടാക്കാതെ നില്ല
ന്തികേമനസി കില്ലെന്തിയുഴലുന്നു കാമവല്ലിനീ
യന്ന്യേഗതിയില്ലനമുക്കിന്നു

ഇങ്ങിനെയൊരുപുരി തന്നിൽമുകുന്ദനൊരംഗ

നയൊടരുൾചെയ്തതുകേട്ടഥ    തിങ്ങിനമോദാൽ
നാരദമാമുനിയെങ്ങു മൊരേടമിളച്ചീടാതെ ഉര
ക്കേറുംഹരിചരിതം കണ്ടഥമുക്കേൽവിരലും വെ
ച്ചുനടന്നു നിരക്കപ്പതിനാറായിരമെട്ടമിതൊക്കെ
ക്കണ്ടുസ്വവർണ്ണഗൃഹത്തിൽ എല്ലാശയനഗൃഹങ്ങ
ളിലും ബതമല്ലാന്തകനംമഹിഷിയുമായി സല്ലാ
പാദിസുഖേനശയിപ്പതുമെല്ലാ സാലിഹകണ്ടു മുനീ
ന്ദ്രൻ കൃഷ്ണഹരെമധുസൂദന മാധവവൃഷ്ണികുലേശ്വ
ര വിശ്വംഭരജയ വിസ്മയമീശ്വരതവമറിമായം
തസ്മിൻ സ്വാമിൻ നാഥനമസ്തു സുസ്മിതനാ
കിയ നാരദനിങ്ങിനെ വിസ്മിതനായി വണങ്ങീട്ടട
ന്നെ രുഗ്മിണിതാനഥ വാണരുളീടിന രുഗ്മ
നികേതചെന്നു മുനീന്ദ്രൻ ഒട്ടം മടിയാതേഷണി
പറവാൻ വട്ടംക്രൂട്ടിവസിച്ചരുൾചെയ്തു.

വരികവിരവോടുവിദർഭതനൂജെ വരഗുണശാലി
നിവാരണഗമനെ ഹരിവല്ലഭിമാർ പതിനാറാ
യിരമരുണാധരിമാരതി സുന്ദരിമാർ അതിലധി
കംപുനരെട്ടനതാംഗികളതിലും സുന്ദരിനീയുംഭാ
മയു മതിശയമാകിന ഹരികാമിനിമാരതി നൊ
രുസംശയ മില്ലസുശീലേ അതിലുംഹന്തനിനക്ക
വിശേഷിച്ചതി സൌഭാഗ്യമിതെന്നു പ്രസിദ്ധം
എന്നിഹ പലരുംപറയുന്നതുകേട്ടങ്ങിനെ തന്നെ
നമുക്കുംബോധം

സത്യഭാഷിണി രുഗ്മിണിനീയുംസത്യഭാമയും
പ്രതിതുല്യാസത്യസന്ധനാം കൃഷ്ണനനിങ്ങളിൽ
നിത്യരാഗമൊരു നീക്കവുമില്ലാ എങ്കിലും കിമ
പിസംശയമിപ്പോളെംകലുള്ളതിഹ ഞാനരചെ
യ്യാം മംകമാർമണ്ണ നിംകലുറച്ചൊരു പംകജാ

ക്ഷനെ തംകലതാക്കാൻ സത്യഭാമതാനൊന്നു
മുതിന്നു സത്യബുദ്ധ്യയാം നീയറിയുന്നൊ ശ്രദ്ധ
മന്ത്രമൊ സാരമെവൎക്കൊരു ശ്രദ്ധപത്രമൊ കി
ഞ്ചനന്തനം പ്രൌഢനാകിയഹരിക്കവൾ തംകൽ
ശ്രദ്ധരാഗ മുളവായിതുകാലം പാരിജാതമമരേന്ദ്ര
ബലത്തെ പോരിലൻപൊടു ജയിച്ചുമുകുന്ദൻ
പാരിജാത മപിഹന്തഹരിച്ചു പാരിടത്തിലതു
കൊണ്ടിഹപോന്നത്രരുമാരുമറിയാതൊരു ദിക്കി
ൽപോരുമാററിവിധമൊന്നു പകത്തിതത്രനട്ടുവ
ളമിട്ടനനെച്ചു ചിത്രരത്നശിലകൊണ്ടുപട്ടത്തു പ
ത്മരാഗതണലും മണലുംബാഹ്ലപത്മനാളനടെഭാ
മിനിയാകും സത്യഭാമയുടെ മന്ദിരമിപ്പോൾ സ
ത്യലോകസുരലോകസമാനം.
ഇരക്കുനാജനങ്ങൾക്കു നിരക്കുനാ ദ്രവ്യമെല്ലാംതെ
രിക്കുന്നു ദാനംചെയ്യാനൊരിക്കലും കുറവില്ലാ ഉ
രിക്കഞ്ഞിരണ്ടുവററു മൊരിക്കൽ ഭുജിച്ചുകൊണ്ടു
മരിപ്പാററായ്ക്കിടക്കുന്നോരിരപ്പാളിക്കൂട്ടമെല്ലാം നി
രപ്പാടെപാരിജാതത്തരു പ്രൌഢനോടുചെന്ന
ങ്ങിരക്കുന്നേരമെതന്റെ പരക്കുന്ന കൊമ്പുകളി
ലിരിക്കുന്നപട്ടുംപൊന്നും പെരുക്കുന്നനെല്ലും വി
ത്തും കൊതിയ്ക്കുന്നതെല്ലാം താഴെപതിയ്ക്കുന്നതാ
ശുകാണാം ഉടുപ്പാനില്ലാത്തവൻ പട്ടുടുത്തു കങ്ക
ണം കയ്യിൽകൊടുത്തുകാതുരണ്ടിലും കടുക്കൻ
പോട്ടുകൊണ്ടോരോ മിടുക്കന്മാർനെല്ലുമരിയുംപെട്ട
ടുക്കുന്നു കാട്ടിൽ കെട്ടി നടക്കുന്നു വീട്ടിൽകൊ
ണ്ടുകിടക്കുന്ന നാരിമാൎക്കുംകൊടുക്കുന്നുവേണ്ടതെ
ല്ലാം കടക്കാരും പോന്നുവന്നുതടുക്കാതെ ദ്രവ്യം
വാങ്ങി അടക്കംപൂണ്ടങ്ങുമാറി നടക്കുന്നസന്തോ

ഷിച്ചുകൊടുക്കുന്ന വേലയെല്ലാമെടുക്കുന്നവർക്കു
കൂലി കൊടുക്കുന്നതിനുമേത്തും മടിയ്ക്കുന്നോരില്ലി
ക്കാലം

തരുണീകലമണി ഭാമവസിക്കും പുരമതി
ൽ മരുവിനൊരുരുതര സുരതര ധനവസ
നാദികളെല്ലാം തെരുതെരെയങ്ങു കൊടുക്കും
താനും തെരുവുകൾ വീട്ടുകൾനാട്ടുകളെല്ലാം
പെരുകിന ധനധാന്യാദികൾ കൊണ്ടിഹ പരി
പൂർണ്ണാമൃതമായ്വന്നിതുബത നരവരസുന്ദരിരുഗ്മി
ണിബാലെ ഇത്തരമുരുതരസുരവൃക്ഷത്തെ സത്വ
രമിങ്ങിഹകൊണ്ടുവന്നപ്പോൾപത്തുസഹസ്രവുമാ
റുസഹസ്രവു മുത്തമകാമിനിമണികളിലാക്കും ഉ
ത്തമപുരുഷൻദാനംചെയ്തില്ലതൊഴിൽകൊള്ളാ
മായതുപോട്ടെ എട്ടുവധുക്കളിലേററംമുരഹര നി
ഷ്ടയതായൊരുരുഗ്മിണിനിന്നുടെവീട്ടിലെമുററത്ത
മരദ്രുമമത്ര നട്ടനനപ്പാൻനിന്നുടെവല്ലഭ നൊട്ടും
കനിവില്ലാഞ്ഞതുകഷ്ടം ഹാതന്നിനക്കുതരാഞ്ഞ
തിനെക്കാളന്തസ്താപമവൾക്കുകൊടുത്തതു കൊ
ന്നതിനെക്കാൾ കോതപിറകേൽ ചെന്നുവിളിക്കു
ന്നതുബഹുദുഃഖം ഇത്തരമേഷണിക്കുട്ടിമുനീന്ദ്രൻ
സത്വരമങ്ങുഗമിച്ചോരുശേഷം ബുദ്ധിക്ഷയവും
പൂണ്ടഥരുഗ്മിണി ക്രുദ്ധിച്ചുവിടെത്തന്നുടെഭവനെ
കതകുമടച്ചുകിടക്കുന്നേരം കടൽനിറമുടയവന
ങ്ങെഴുന്നെള്ളി.

(പദം) ബന്ധുകാധരിമാർക്കുപ്പും ബന്ധുരാംഗി
മാരിൽബന്ധിച്ചുകിടപ്പാനെന്തൊരുബന്ധംപോ
ലെ അന്തിനേരവുമിരുട്ടും വന്നുകൂടിനിന്റെ അ
രികെശയിപ്പാനല്ലേ വന്നുഞാനും എററം

കലഹിക്കുന്നു കല്യാണാംഗികൃഷ്ണൻ എന്തൊരുപിഴചെയ്തിട്ടോ മെന്നുചൊൽകാ മാരന്റെശരങ്ങളേററുമാഴ്കുമെന്നുടെചിത്തംഅതെന്റെമാലറിയുന്ന നീയല്ലാതെ പാരിടത്തപോർമുലകൾ പൂൽകാനെല്ലോ വന്നു രതിഗാമിനിനിൻകാന്തൻ വാസുദേവൻ മററുള്ള മാനിനിമാരെ കൈവെടിഞ്ഞു ഞാനും മുററുംനിന്നോട രമിപ്പാനെല്ലോ വന്നു കുററമെന്തിനിക്കുബാലെ കുറില്ലാതായ്വന്നു തെററന്നുകതകടപ്പാനെന്തുമൂലം പാരമുണ്ടു പരിതാപം പങ്കജാക്ഷി ബാലെ പാരാതെവാതൽ തിറക്കരുഗ്മിണീനീ.

ഇങ്ങിനെമധുരിപുതന്നുടെവചനം തിങ്ങിനകലഹത്തോടെകേട്ടഥ മങ്ങിനമുഖവും താഴ്ത്തിയിരുന്നു കലങ്ങിനവചസാ രുഗ്മിണിചൊന്നാൾ.

വണ്ടാർകുഴലിമാരെ കൊണ്ടാടിവിനോദിപ്പാൻ പണ്ടൊരുമേവമില്ലല്ലൊ പണ്ടൊരുമേവ മില്ലല്ലൊ അംബുജമധുപാനമാദരിക്കുന്നാ ഭൃംഗംനിംബത്തെകാംക്ഷിച്ചീടുമോ നിൎമ്മലാകാര നിംബത്തെ കാംക്ഷിച്ചീടുമോ പാരാതെതന്നെ പതിനാറായിരം നാരിമാർ വേറായ് നിനക്കുമുണ്ടല്ലൊ വേദാന്തമൂൎത്തെവേറായ് നിനക്കുമുണ്ടല്ലൊ പാരിജാതത്തെ നാൾകി പാലിച്ചു വെച്ചിരിക്കും വാരിജാക്ഷി ഞാനല്ലല്ലൊ വാരിധിവൎണ്ണ വാരിജാക്ഷിഞാനല്ലല്ലൊ ദിവ്യസ്ത്രീയോടുകൂടി ദിവ്യകസുമംചൂടിനിൎവ്യാജ ക്രീഡ ചെയ്യാലും നീരജനേത്ര നിൎവ്യാജ ക്രീഡചെയ്യാലും സാരങ്ങളായുള്ളൊരു ദാരങ്ങൾ നിൻവരവും പാരംകൊതിച്ചുമേവുന്നു പാരാതെ പോക പാരംകൊതിച്ചുമേവുന്നു.

ഭീഷ്മകമകളുടെവചനമിതിങ്ങിനെഊഷ്മ
ളതരമഥകേട്ടുമുകുന്ദൻ ശാന്തതവാക്കുകൾചെയ്തു
പാൎത്തുക്കെ ശാന്തതകിമപിവരുത്തിക്കൊണ്ടഥ വാ
തിൽതുറപ്പിച്ചാശ്രുഗൃഹംപു ക്കാധിപറഞ്ഞുകള
ഞ്ഞുതെളിഞ്ഞു ഭാവമിയന്നൊരു ഭാമിനിയോടും
ഭഗവാനത്രശയിച്ചുരമിച്ചു

അവശതകൾപറഞ്ഞുകളഞ്ഞു അവളുടെമുഖ
മാശുതെളിഞ്ഞു കുളുൎമുലകളണച്ചുപുണൎന്നു ഇ
തിപലവിധലീലതുടൎന്നു രതിരമണൻബാണമിയ
ന്നു മതിമുഖിയുടെകോപമടങ്ങി മധുമലൎഗണ
മാശുപൊഴിഞ്ഞു തലമുടിവടിവോടമഴിഞ്ഞു പ
ലിചൊട്ടുവെററിലപാക്കുകന്നുരജനികഴിഞ്ഞുപു
ലൎന്നതദാ.

രജനികഴിഞ്ഞുപുലൎന്നൊരുസമയേ രുചിരസു
വേനമുകുന്ദൻഭഗവാൻ നിജകൃത്യങ്ങൾകഴിച്ചുഭു
ജിച്ചഥ നിജമണിഭവനേചെന്നുവസിച്ചു ഉള്ളി
ൽനിനച്ചിതുരുഗ്മിണിദേവി ക്കുള്ളിലഹമ്മതി
കൊണ്ടിഹകിഞ്ചിൽ ഉള്ളനതാംഗിജനങ്ങളില
തിശയമുള്ളവൾഞാനെന്നുണ്ടൊരുഭാവം എങ്കി
ലതൊട്ടുശമിപ്പിക്കാഞ്ഞാ ലെങ്കലൊത്രനതവരു
മിനിമേലിൽ എന്നുമനസ്സിലുറച്ചുമുകുന്ദൻ തന്നു
ടെവാഹനമാകിയഗരുഡനെ വിരവൊടുചിന്തി
ച്ചീടിനസമയേ ഗരുഡനുമമ്പൊടുവന്നുവണങ്ങി
അരുളിച്ചെയ്തുമുകുന്ദൻഭഗവാൻ ഗരുഡാവരിക
സമീപെസുമതെ കദളിവനത്തിലിരിക്കുന്നുണ്ടി
ഹ കദനവിചക്ഷണനാകിയഹനുമാൻ മദനാന്ത
കനുടെബീജമവൻദശ വദനപുരത്തെദഹിപ്പി
ച്ചൊരുവൻ രഘുനായകനുടെഭക്തൻമാരുതി ച

ഷ്യുതരലംഘനലവണസമത്ഥൻ സുഗ്രീവപ്രിയ
നംഗദസേവ്യൻ ദശഗ്രീവന്റെകപോലസ്ഥലമ
തി ലഗ്നനഖാവലികുലിശകരാള കരാഗ്രംകൊണ്ട
ടിക്രുട്ടിയവീരൻ അഞ്ജനതന്നുടെതനയൻനിശി
ചര ഭഞ്ജനമന്വൊട്ടുചെയ്യോരുവീരൻ അക്ഷകു
മാരനെവിരവൊടുതന്നുടെ കക്ഷംതന്നിലമത്തി
ഞെരിച്ചുവധിച്ച വിചക്ഷണതാത്മരുവീടിന മാരു
തസുതന്നുടെവീക്ഷണമായത്രു പാരാതിങ്ങലഭിച്ചി
ടേണം ദക്ഷനതായഭവാനതിനധുനാ പക്ഷികു
ലോത്തമപോസ്വരവേണം.

ഗന്ധമാദനമഹാഗിരിമുകളിൽ ഗന്ധവാഹന
തനൂജനിരിക്കു ന്നെന്നുവാഹനസഹസ്രബലന്മ
മ ബന്ധുവാകുമവനാശ്രുവരേണം മക്കടാധിപ
നെയിങ്ങുവരുത്താൻ ദുഘടംതവഫലിക്കയുമില്ല
മല്ലനാക്ഷമവനാഗ്രഹമുണ്ടതുനീക്കമില്ലവരുമിങ്ങു
നിനച്ചാൽ പണ്ടുരാമന്റെ ചാരുകടാക്ഷം കൊ
ണ്ടു മൽപ്രിയനാതാം ഹനുമാനെ കണ്ടുകൊൾവ
തിന കൌതുകമിപ്പോളുണ്ടമേ മനസിപക്ഷികു
ലേന്ദ്ര രണ്ടുനാലുദിവസത്തിനകംനീ കൊണ്ടുവ
ന്നമമകാട്ടുകവേണം രണ്ടുപക്ഷമതിനില്ല ഭവാ
നെ കണ്ടുവെങ്കിലവനിങ്ങിഹപോരും.

അതുളപ്പാടതുകേട്ടു ഗരുഡൻമുകുന്ദൻതന്റെ
തൃപ്പാദെവീണുകുപ്പി സ്തുതിച്ചുസന്തോഷത്തോടെ
ചിറകുംപരത്തിക്കൊണ്ടങ്ങുയന്നുമാരുതവേഗ മി
യന്നുവടക്കുനോക്കി പാറന്നുനാടുകൾകാട്ടും കടന്നു
ഗന്ധമാദനമന്നത്തുകീഴ്പ്പോട്ടുനോക്കി യറിഞ്ഞു
മാരുതിവീര നിരിക്കുംകദളികൊണ്ടു ല്ലസിക്കുംപ്ര
ദേശത്തുചെന്നിറങ്ങിയരികേയങ്ങു നിറഞ്ഞവാഴ

ക്കൂട്ടത്തിൽ നിറംചേരുംമണ്ഡപത്തി ലിരിക്കും
ശ്രീഹനുമാനെ സ്മരിക്കുംമാനുഷക്കുള്ളി ലിരിക്കും
പാപങ്ങളെല്ലാം തെരിക്കെന്നുനഷ്ടമാകും ഒരി
ക്കലെതന്നൊന്നുനം.

ഇങ്ങിനെയുള്ളൊരുശ്രീഹനുമാനെ തിങ്ങിന
മോദാൽകണ്ടൊരുനേരം പതംഗപുംഗവനാകി
യഗരുഡൻകപികുലപുംഗവനോടരുൾചെയ്തു ജന
കസുതാപതിദൂതസഖേ!മണികനകസുകുണ്ഡലമ
ണ്ഡിതഗണ്ഡ അനഘമതേശ്രൂണുമാമകവചനം
വിനതാസുതനഹമണ്ഡജവീരൻ അരുണസഹോ
ദരനധികവിനീതൻ കരുണാകരനുടെവാഹനഭൃ
തൻ അരുണാംബുജദളലോചനനാകിയ ഹരിയു
ടെദൂതൻഞാനിഹവന്നു അരുളിച്ചെയ്തുനിയോഗി
ച്ചിതുമാം കരളിൽകനിവൊടുകാർമുകിൽവർണ്ണൻ
സുരപുരിസമമാംദ്വാരകതന്നിൽ സുരചിരവാസ
ഞ്ചെയ്തരുളുന്ന യദുകുലനാഥൻകൃഷ്ണൻതിരുവടി
സദൃവാംശ്രീമദ്ദചരണസരോജൻ അഞ്ജനതന്നു
ടെമകനാകുന്ന നിരഞ്ജനഹൃദയനതായഭവാനെ
അഞ്ജനവർണ്ണനുകാണ്മാനാഗ്രഹ മധികമിതുണ്ടെ
ന്നറികയിദാനീം തൻതിരുവടിതാനെന്നെയയ
ച്ചു ചിന്തിതമെന്തെന്നാക്കറിയാവു പംക്തിമുഖാ
ലയദാഹകനെദ്രുത മന്തികസീമനിക്കൂട്ടിക്കൊണ്ടി
ഹ വരികെന്നെന്നെനിയോഗിച്ചിതുഹരി പെരി
കെകൌതുകമോടിതുകാലം വിരവൊടുപോന്നീടു
കനീകപിവര ഹരിവരമരുളുംഹന്തനിനക്കു.

അരുണനുടെസഹജനുടെ വചനമതുകേട്ടവൻ
ആഞ്ജനേയൻകപിശ്രേഷ്ഠൻപറഞ്ഞിതു പക്ഷപ
കുലമതിൽമരുവുമശ്ശുഭമണിയാമവൻ പാൎത്ഥനു

ഒതൎതെളിപ്പാനിരിക്കുന്നവൻ തെളിവുമൊരു
വെളിവുമവനകമലരിലില്ലെടൊ വെണ്ണയും പാ
ലും കവൎന്നു ഭുജിപ്പവൻ അവനുടയ ഭവനമതിൽ വ
രികയിതമല്ലെടൊ അഞ്ജനാപുത്രനാമിക്കപി
ശ്രേഷ്ഠനു വൃഷലികടെ വികൃതിബത ശിവശിവ ന
മുക്കഹോ വീക്ഷണം ചെയ്യാൻ മനസ്സില്ലതെല്ലുമേ
ചടുലമിഴി പടലികളുടെ റിട്ടുണികൾ ചെയ്യുമച്ച
ഞ്ഞാതിയെ ചെന്നു കാണ്മാൻ പിതം നഹി രഘുകു
ലതിലകനലഘുഭുജവിക്രമൻ രാമഭദ്രസ്വാ
മി ദേവൻ സദൈവതം അവനുടയ ചരണമലർക
മലയുഗമാശ്രയം അന്യനേ സേവിക്കയില്ല ഞാന
ണ്ഡജ.

മൎക്കടവരനുടെ വാക്കുകൾ കേട്ടുടനുൾക്കടരോ
ഷമിയന്നാ ഖഗഗരുഡൻ നോക്കെടാ മൂത്തകുരങ്ങളെ ച്ചാ
രെ ധിക്കാരം മമ മുഖകൾ ക്കരുതിപ്പോൾ ശക്രാദിക
ളും വന്നു വണങ്ങും ചക്രായുധനെക്കണ്ടൃഷി
കളും വക്രാത്മാവെ നിന്നൊടു കിഞ്ചന വക്കാ
ണിച്ചമതിയാവിപ്പോൾ അൎക്കനു തുല്യമശേഷ
ജഗത്തിലിതൊക്കെപ്പോലെ വരുത്തിയിരിക്കും വി
ക്രമജലനിധി നിശാചരേശ്വര നക്കടൽ വാണ്ടൻ
കണ്ണാരി സാവിമൽ കുലദൈവതയദ്രോഹത്തെ നി
നക്ക ദൂഷിപ്പാൻ യോഗ്യതയുണ്ടോ മൎക്കടകീ
ടാ നില്ലെടാ നിന്നുടെ മസ്തകമിന്നു തകൎത്തു പോ
രു ഉള്ള മരങ്ങടെ കായും കനിയും തോട്ടയിലിട്ടു
കടിച്ചു ഭുജിച്ചു ഫ പള്ള നിറച്ചു മരത്തേലേറി പല്ല
മിളിച്ചു ചുളിച്ചു നടക്കും കള്ളക്കൂട്ടം കപിചാപലന്മാ
ർ മുള്ളു പറഞ്ഞാലതു പൊഴ്തു തടനടി കൊള്ളുമെ
ടാ മതി കലഹം നിന്റെ തള്ളലുമുടനെ തീരുമ

ശേഷം കൊള്ളിവലിച്ചു തലക്കിട്ടടനടി കൊ
ള്ളിക്കും ഞാൻവാലുപിടിച്ചിഹ തുള്ളിക്കുന്നുണ്ടത്ര
യുമല്ലിനി വള്ളികൾകൊണ്ടു വരിഞ്ഞുകിണററി
ൽ തള്ളിമറിച്ചൊരു തടികൊണ്ടുടലുകൾ തല്ലി
ഞെരിച്ചു തടിച്ചു കരങ്ങളിനെ ഖെള്ളിനു തുല്യം
പൊടിയാക്കാതെ നുള്ളിൽ കോപമടങ്ങുകയില്ലാ
തന്നെ താനറിയാതെദ്വേഷിക്കും നിന്നെത്താമസി
യാതെവധിച്ചേ പന്നഗരിപുവിനു മതിയാകുള്ളൂ
പന്നഗഭൂഷണപാദത്താണെ എന്നതുകേട്ടവർകൾചെ
യ്യേണമാമെന്നുടെ നിധനം ചെയ്യതിന്നിപ്പോൾ
മനസിലൊരുത്തരുമില്ലിഹപിന്നെ പന്നഗലോകം
തന്നിലുമില്ലാവിണ്ണിലുമില്ലെന്നറിയാതെന്നുടെ ഉ
ണ്ണികയക്കൊന്നിനു പഴുതെകണ്ണുന്നു വേണ്ടിക്ക
ലഹിച്ചാൽ നിൻറണ്ണുന്നു തുല്യമതാകും നീയും
അണ്ഡജമൂഢാ നിന്നുടെ ജ്യേഷ്ഠനൊ രണ്ഡജന
ല്ലെ സൂര്യന്നു സാരഥിപണ്ടിന്നു തുടയിണയിലക
ലംമുറിച്ചൊരു വണ്ണൻവാഴകണക്കെ രവിയുടെ
തേരതെളിച്ചു നടക്കുന്നിപ്പോളാരുമിതറിയാതി
ല്ലിഹഗരുഡ ഊരുവിഹീനൻതന്നുടെ തമ്പിക്കുരു
മുറിഞ്ഞു കിടപ്പാറായി മാരുതിയോടു മരുത്തുവര
നാവരാരും തോററുമടങ്ങാതില്ലാ പോരുംനിന്നു
ടെ പൌരുഷ വാക്കുകൾ പോരന്നില്ലിഹ ചെ
റുമിതാനിംപോരുതുടൻ ജയിപ്പാൻമാത്രംപോ
രുംഞാനെന്നാഗ്രഹ മെങ്കിൽ ആരംഭിക്കാമാഹ
വമെന്നൊട്ടു സാരംവെച്ചുപറഞ്ഞതു മതിമതി
കാക്കും മുഖവുംനഖവും ചിറകുമിനിക്കുണ്ടായുധ
മമർചെയ്യ്വതിനെന്നുൾക്കമലത്തിൽ നിന
ക്കൊരഹംകൃതിനില്ലം രണ്ടടികൊള്ളുമന്നേരം മു

ഷ്കശമിച്ചുടനീയൽകണക്കെ പറക്കം നീപട
യെറെറന്നാകിൽ ദിക്കജയിച്ചൊരുരാവണവീരനി
രിക്കംലങ്കാനഗരംചുട്ട കരിച്ചൊരുകരുമന കേട്ട
വരാരും ഇക്കപിവീരനൊടെതൃക്കയുമില്ലാ കൈക്ക
യറിഞ്ഞൊരു പക്ഷിക്കെന്നൊ യമക്കാമെന്നു മു
തിർന്നതുകൊള്ളാം നിന്നെക്കൊല്ലുകയില്ലെഹനു
മാൻപിന്നെ ദോഷംവരുമതുമൂലം കിന്നരചാര
ണ സനാതനീശ്വരനെന്നുടെ നാഥൻശ്രീനാരായ
ണദേവൻ തന്നുടെവാഹനമാകിയ ത്വദ്രോഹത്തെ
നശിപ്പിച്ചെന്നാലദ്ദോഷം മമതീരുകയില്ലെന്നു
ദ്ദേശിച്ചു പറഞ്ഞിതുഞാനും സർപ്പാശനനായു
ള്ളൊരുനിന്നുടെ ദർപ്പമടക്കി യയപ്പാനല്ലംസം
ഗരമിവിടെ ചെയ്യാംപുനരങ്ങേ പുറമതു ഭാവവു
മില്ലാ ഇങ്ങിനെയുള്ളൊരു പവനാത്മജനുടെ ഭം
ഗികലന്നൊരു മൊഴികേട്ടിട്ടും സംഗരമെള്ളതല്ലെ
ന്നതുഹനു വിഹംഗമരാജനു തോന്നിലേതും കരു
തികൊള്ളടകപികല കീടാപൊരുതികൊള്ളെട
പൊണ്ണത്തടിയാതരു മൃഗമാകിയ നിന്നുടെ ത
ടിയൊരു പെരുമലപോലെ തടിച്ചുതുടിച്ചു കടി
ച്ചുമുലച്ചു മിഴിച്ചുമെതൃത്തു വരുന്നസമർത്ഥൻ
ഗരുഡൻധൂർത്തു പെരുത്തകരഞ്ഞച്ചൊരെ ക്രുത്തുവ
ളഞ്ഞൊരു കൊക്കിൻമുകളിൽ കോത്തുംകൊണ്ടു
പറന്നുതിരിച്ചു കാത്ത്യായിനിയുടെ സോദരനാ
കിയ കീർത്ത്യാവിലസിന സുലളിതകോമള മൂ
ത്ത്യാനന്ദജനാത്ത്യാദിഹരൻമുരരിപുഭഗവാൻ വാ
ണരുളുന്ന പുരത്തിൽ കൊണ്ടെതാഴ്ചവരാതിഹ ത
ൻ തിരുമുമ്പിൽ കാഴ്ചയതായ്വച്ചന്തരമെന്ന്യെതൊ
ഴതിട്ടന്നോൻ

ഇത്തരംപറഞ്ഞുചെന്നുയുദ്ധംതുടങ്ങിപാരം ക്രു
ദ്ധൻ ഗരുഡനതി ശുദ്ധൻതാനെന്നൊവെണ്ട ശ
ക്തന്മാരായുള്ളൊരു നക്തഞ്ചരേന്ദ്രന്മാരെ കുത്തി
ക്കൊല്വചെയ്യൊരു ശക്തിയിൽ പാതിവേണ്ടാ മരു
ത്തിൻെറ പുത്രനാകും കരുത്തൻ ഹനുമാനെ
ന്നപരമാൎത്ഥമറിയാതെ ഗരുഡൻ പടതുടങ്ങി
കൊട്ടിച്ചും ചിറകുകൾകൊണ്ടടിച്ചും കൊക്കുക
ൾകൊണ്ടു കടിച്ചുംവട്ടത്തിൽ പാഞ്ഞണഞ്ഞും
വല്ലാത്തവാക്കുപറഞ്ഞും തങ്ങളിൽകെട്ടിപിണ
ഞ്ഞുംദൂഷണംചൊല്ലി പഴിച്ചുംഘോഷിച്ചു ശ
ണ്ഠകഴിച്ചും പോരാട്ടന്നേരം കലുങ്ങിഗന്ധമാദ
നം കലങ്ങിവാരിധിനാലും മുടങ്ങി മൃഗസഞ്ചാരം
അടങ്ങിഭൂചക്രവാളം മടങ്ങീടാതെതങ്ങളിൽ തു
ടങ്ങിമുഷ്ടിയുദ്ധങ്ങൾ

അടികളുമിടികളുമുടനുടനെകടിപിടികലൎരലു
മിഹാഘടനെ വടിതടിഒക്കെയുമടവുകളും പൊ
ട്ടപൊടെരടിതവും വിരുതുകളും കടനവിധങ്ങ
ളൊന്നു പകൎന്നീടുന്നു കദളിവിപിനമൊക്കെ തക
ൎന്നീടുന്നു മലകടെ ഗുഹകളുംമുഴങ്ങീടുന്നു കലപ്പു
ലികളുമെററം കുഴങ്ങീടുന്നു കലഹരസികൻമുനി
രസിച്ചീടുന്നു കലിതകൗതുകമിഹ വസിച്ചീടുന്നു ഭ
യമുടയവരൊക്കെ തിരിച്ചീടുന്നു ഭയമില്ലാത്തവ
ർകണ്ടു രസിച്ചീടുന്നു വരഗിരി സമമൊന്നു വള
ൎന്നീടുന്നു പരിചൊടുകയ്യും കാലും തളൎന്നീടുന്നു
ഗരുഡൻമദമൊന്നുകുറഞ്ഞീടുന്നു ഗഗനതലവിയി
ൽനിന്നുപറന്നീടുന്നു.

തെല്ലുകയർത്തൊരു മാരുതസുതനുടെതല്ലുകൾ
കൊണ്ടുതളൎന്നശരീരം അല്ലൽ മുഴുത്തുടനരുണസ

ഘോരതരനായ്ട്ടു പറന്നുതിരിച്ചുതുടങ്ങിനെന്നുവിളിച്ചു
രുൾചെയ്തഹന്തമാനെന്നുടെഗരുഡൻ ഖേദിക്കേ
ണ്ടാപ്പ്യനൊന്നൊപൊരുതുജയിപ്പാനിപ്പോൾമനസ്സിലൊ
രുത്തരു മതിയാകില്ലാ എന്നതുകാരണ മെന്നൊടു
തോററതി നെന്നുടെഗരുഡനൊരവമതി വേണ്ട
അങ്ങു പരാക്രമ മില്ലാഞ്ഞല്ലിഹ ഭംഗംവന്നു ഭവി
ച്ചുസചൈതവത്തുംഗപരാക്രമനാകിയ മന്നകലപ്പം
ഗവരാമസ്വാമികടാക്ഷം കൊണ്ടു നമുക്കു വിശേ
ഷതയുണ്ടതു കൊണ്ടുഭവാനു മറിഞ്ഞീടേണംരണ്ടു
വിധംവാക്കില്ലനമുക്കു പണ്ടുമിദാനീമില്ലൊരുഭേ
ദം ഗുരുവാമെന്നുടെ രല്യകലനായകൻ ഒരുവാക്കി
പ്പോൾചൊല്ലിയയച്ചാൽ വരുമാറാൻ സംശയമി
ല്ലിങ്ങായതുമൊരുവാക്കങ്ങു ധരിപ്പിക്കേണംസജ്ജ
നസഭയിലിരുന്നുള്ളകിലുംദുർജ്ജനസഭയിലിരുന്ന
രുള്ളകിലും അജ്ജനകസുതാപതിയരുൾ ചെയ്യാ
ലവിടെനമുക്കുവരാൻകുറവില്ലാ ഇത്തരമെല്ലാമരു
മാരുതിവചനം ചിത്തരസത്തോടു കേട്ടഥഗരുഡ
ൻ സാദരമങ്ങുപറന്നുതിരിച്ചങ്ങു ത്വരമുരിയാടാ
തെഗമിച്ചു കാരുണ്യപുരുഷൻ വാണരുളീടിനദ്വാ
രാവതിപുരിപുക്കഥ ഗരുഡൻവന്ദനചെയ്തിഹനി
ന്നൊരുസമയെ നന്ദകുമാരൻ ചോദ്യംചെയ്തു എ
ന്നുടെ ഗരുഡൻ വന്നൊമ്പതപുന രെങ്ങുഹനുമാ
ൻ പിറകെവരുന്നൊ നിന്നൊടുകൂടി വരാതെയി
രിപ്പാൻ സംഗതിയില്ലവനെന്തിഹവൈകി മക്ക
ടവരനിഹ ഗോപുരസീമനി പാർക്കുന്നൊന്തിനു
പുഴതിലിദാനീം വെക്കംവരുവാൻചൊല്ലീടവനെ
അക്കപിവരനെ വസരമറിയേണ്ടാ അർജ്ജുനസഖി
യുടെ വചനം കേട്ടിഹ ലജ്ജിതനാകിയ വിന

താതനയൻ അഞ്ജലി കൂപ്പിയുണർത്തിച്ചാനട ന
ഞ്ജനതനൂടെ മകനുടെ വചനം ഉല്പലലോചന
നിന്തിരുവടിയുടെ കല്പനഞാൻ ചെന്നവനൊടു
ചൊന്നാൻ അല്പംബഹുമാനിച്ചീലെന്ന ല്ലപ്രിയ
വചനമുരച്ചു ഹനുമാൻ നിന്തിരുവടിയെ കൊണ്ടു
ദൂഷിച്ചതു ചിന്തിച്ചാലതികഠിനം കഠിനം ഹനൂ
നമുക്കതുണർത്തിപ്പാനെള്ളു തല്ലമുകുന്ദമുകുന്ദ നമ
സ്സു ഇടയില്ലാത്ത ഭടന്മാരാകുമൊ രടിയന്മാരുടെ
നടുവിൽവസിക്കും മുടിയൻചൊല്ലി യയച്ചിഹവ
ന്നൊരു തടിയൻനീയെന്തറിയും മൂഢമടവാർ
ചൊല്ലിയവിടം ണിയെല്ലാംമടിക്കൂടാതെയെടുത്തു
പൊരുക്കുംപിടിയാത്തവരുടെ പരിയപ്പെട്ടോടി
യാനല്ലിക്കപികുലവീരൻകടിയാപ്പട്ടി കുരക്കുമ്പോ
ളൊരു വടിയാൽനിൽക്കുമതല്ലാതെന്തിഹ വാടുവാ
മനനെ പേടിയുമില്ലി പാടുവാം പവനതനൂ
ജനുമിപ്പോൾ ശബ്ദിക്കും കുറുനരിയെ കടുവാ
യുണ്ടോ പേടിക്കുന്നു ചൊല്ലേറും രഘുനായകനി
ല്ലാ തില്ലൊരുദൈവമിനിക്കിഹളവനെ കല്യാ
ണാകൃതി സീതാരമണൻ ചൊല്ലിയയച്ചെന്നാല
വിടത്തിൽചെല്ലുവതിന്നൊരു സംശയവുംപുനരി
ല്ലനമുക്കതു ബോധിച്ചാലും വല്ലതുമെങ്കിലുമസ്സൂന
മുക്കൊരു വല്ലവശിത്തുവെശങ്കയുമില്ലപുല്ലും നിന്നു
ടെ സ്വാമിയുമൊക്കും ചൊല്ലുകനീ ചെന്നവനൊ
ടിതെല്ലാം വെണ്ണുകവൻഭുജിച്ചു നടക്കുംകണ്ണൻ
ചൊല്ലിയയച്ചവിശേഷം കണ്ണുംകൊണ്ടു കൂവിക്ക
യുമില്ലീയണ്ണവതരണംചെയ്യൊരുഹനുമാൻ അ
ക്കപിയിങ്ങനെ നിന്തിരുവടിയെ ധിക്കാരേണപ
റഞ്ഞൊരുവാക്കു സഹിക്കാഞ്ഞടിയൻ തടിയൻ

കപിയൊടു വക്കാണത്തിന്നുവട്ടം കൂട്ടികൊൾകചി
റകുമുയർത്തി ചെന്നാൽ കൊത്തുംതള്ളലുമടികളു
മിടികളു മിത്തരമഖിലവിധങ്ങളിലവനൊടു യു
ദ്ധംചെയ്തുകുറഞ്ഞൊരുനേരം ഉദ്ധതനാകിയമാരു
തസുതനുടെ കുത്തുംതള്ളലു മടിയുംകടിയും തൊ
ഴിയുംപൊഴിയും കൊണ്ടുടനടിയൻ മണ്ടിപ്പോ
ന്നിഹഭവനംപുക്കേൻ പണ്ടൊരുനാളു മിവണ്ണ
മൊരവമതി യുണ്ടായിട്ടറിവില്ലടിയെന്നു പണ്ടാ
രാമുതൽതിന്നുമുടിക്കും പണ്ടങ്ങൾക്കിതുകേട്ടാൽ
പരിഭവമുണ്ടെന്നാകിൽ തഴയുംകയ്യിൽ കൊണ്ടു
പുറപ്പെട്ടീടുകവേണം യജമാനന്മാരെന്നിങ്ങടെ
യജമാനത്വമിതെന്തിനുകൊള്ളാം തങ്ങടെസ്വാ
മിയെയിന്നൊരുമൂത്ത കുരങ്ങച്ചാർദ്ദഷിവാക്കുപറ
ഞ്ഞാൽ എങ്ങനെകേട്ടുപൊറുത്തീടുന്നു ചങ്ങാതി
കളു ചിതമാസ്ഥയുമൊ ലന്തക്കുഴലും വില്ലും കണ
യും കന്തവുമെന്തിനടക്കം നിങ്ങടെ ചന്തംകാണ്മാ
നല്ലെജമാനൻ ചോറുംതന്നുപൊറുപ്പിക്കുന്നു എ
ന്നാകിലുമൊരുപടയിൽ ചെന്നുടനന്തം വരികി
ലതല്ലൊനല്ലു അന്തരമില്ലജനിച്ചപ്പോഴെ അന്ത
വുമുണ്ടു ധരിച്ചീടേണം കർക്കടശൂലമുസൃണ്ടിക
ളെന്നിവയൊക്കെയെടുത്തു പടക്കുപുറപ്പെട്ടാൽ
ക്കടരോഷംമെലമുകളേറി ദിക്കുകളൊക്കെ മുഴക്കി
ച്ചെന്നാൽ അക്കപിയെങ്ങനെനിന്നുപൊറുപ്പു ചു
റ്റുംനിന്നുശരങ്ങളയക്കാം എറ്റുംപിടിയും കല
ശലുക്കൂട്ടാം കൊട്ടുകൊട്ടക്കാംകൊറ്റുമുടക്കാം മു
റ്റുമവന്റെ പരാക്രമമപ്പോൾ തെററുംനിശ്ചയ
മതിനിന്നിപ്പോൾ കുററംകൂടാതവനെച്ചെന്നിഹ
കുത്തിക്കൊന്നുനമുക്കിഹപോരാം.

ഗരുഡനുടെഭാഷിതംകേട്ടുമന്ദസ്മിതം ഇതിവദന
പങ്കജജാതമായിമുദാമുരമഥനനന്തരം ിവാനെന്തു
ടൊന്നിനുടെ കരളിലൊരുസാഹസമിങ്ങനെതോ
ന്നുവാൻഅസുരസുരസംഘവുംമൎത്ത്യസംഘങ്ങളും
അഖിലമൊരുമിച്ചു ചെന്നാഹവം ചെയ്കിലും അ
ഖിലബലവീൎയ്യനാമഞ്ജനാപുത്രന്റെ വധമിതെ
ളുതല്ലെടൊവൈനതേയാസഖെമതിമതി മനോ
ഹരമെൻമൊഴി കേൾക്കനീമതിവിഭവശാലിയാം
മാരുതിവാനരൻ രജനിചരഭഞ്ജനൻ രാമചന്ദ്ര
പ്രിയൻ സലിലനിധിലംഘനൻ സാരതേജോമ
യൻ സുമഗതിവിഭീഷണൻ സൂക്തിസംഭാഷണ
ൻ അവനൊടുമരുത്തുനീയാഹവംചെയ്തതും അ
ധികമവിവേകമെന്നോൎത്തുകൊൾക സഖെ ഇ
നിയുമൊരെട്ടുപ്പുനീ ചെന്നുപോനീടണം വിരവി
നൊടുവീരനെക്കണ്ടുചൊല്ലീടണം രജനിചരവൈ
രിയാം രാമചന്ദ്രൻമുദാ രജിതസുഖ മെന്നൊടു
ചൊല്ലിവിട്ടുഹിതം ജനഹൃദയരഞ്ജനൻ ജാനകീ
വല്ലഭൻ മനസിജമനോഹരൻ മാനഗാംഭീൎയ്യവാ
ൻ ദശവദനഖണ്ഡനൻ ദ്വാരകാമന്ദിരെ വിശദ
മെഴനെള്ളിമെ വന്നഹൊ മാരുതെ ഇതികിമപി
ചൊല്ലിയാലിന്നുതന്നെവരും മതിഗുണമനോഹ
രൻ മാരുതന്റെമകൻ.

ഏവംകനിഞ്ഞു വാസുദേവനരുളിച്ചെയ്തു ഭാ
വംതെളിഞ്ഞു വൈനതേയൻവണങ്ങിമെല്ലെ പ
ക്ഷിപറന്നു പലവൃക്ഷത്തിന്മീതേക്കൂടി വിക്ഷേപ
വേഗമോടെ വീരൻഗമനംചെയ്തു മാരുതിവസി
ക്കുന്ന ചാരുകദളിക്കാട്ടിൽ ചാരാതിറങ്ങിച്ചെന്നു
ചാരംകനിവിനോടെ ശ്രീരാമഭക്തൻതന്റെ ശ്രീ

പാദസന്നിധിയിലാരോമൽഭക്തിയോടെനിന്നുപറഞ്ഞീവണ്ണം വീരവിജയഗുണ ധീരപവനസുത ശ്രീരാമദേവന്റെ ദ്വാരാവതിപുരിയിൽ വീരാവസിച്ചീടുന്ന പാരാതെഴുന്നെള്ളേണം

എന്നതുകേട്ടരുൾചെയ്തു ഹനുമാനെന്നുടെനാഥൻ രഘുകുലവരനെ നിന്നുടെകൺകൊണ്ടീക്ഷിതനായൊ മുന്നമയോദ്ധ്യയിൽ വാണൊരുനാഥൻ പിന്നെയു മിങ്ങവതീൎണ്ണനതായൊ ലക്ഷ്മണനുണ്ടൊ ഭരതനുമുണ്ടൊ ലക്ഷ്മണനാംശത്രുഘ്നനുണ്ടൊ ലക്ഷ്മീഭഗവതിയാകിയസീതയു മക്ഷിതിപന്റെ സമീപത്തുണ്ടൊ പക്ഷികുലോത്തമനിദമരുൾചെയ്തു ലക്ഷ്മണനില്ലാ ഭരതനുമില്ലാ ലക്ഷ്മണനാം ശത്രുഘ്നനുമില്ലാ ലക്ഷ്മീഭഗവതിയാകിയസീതയു മക്ഷിതിപന്റെസമീപത്തില്ലാജാനകിയില്ല സമീപത്തെങ്കിൽ ഞാനങ്ങോട്ടു വരത്തില്ലിപ്പോൾ നീയങ്ങോട്ടുനടന്നാലും ഹനുമാനങ്ങോട്ടു വരത്തില്ലെന്നീ ഹനുമാനിങ്ങനെയുരചെയ്യുന്നതു മനുകുലവരനോടറിയിച്ചാലും എന്നതുകേട്ടുഗരുഡൻതാനും പോന്നുപറന്നുതിരിച്ചുവിട്ടന്നു കാരണപുരുഷൻ വാണരുളീടിന ദ്വാരാവതിപുരിപുക്കഥമെല്ലെ വന്ദനചെയ്തിഹ നിന്നൊരുസമയെ നന്ദകുമാരൻചോദ്യംചെയ്തു ഹനുമാനെങ്ങുവിഹംഗമവീരാ ഹനുമാനങ്ങുമഹാഗിരിമുകളിൽ ഇങ്ങോട്ടെന്നുവരാഞ്ഞു ഹനുമാൻ ഇങ്ങോട്ടുവരത്തില്ല ഹനുമാൻ എന്തൊരുസംഗതിയിങ്ങിനെപറവാൻ എന്തെന്നാടിയനറിഞ്ഞതുമില്ല പരമാൎത്ഥം നീയറിയിച്ചില്ലെ പരമാൎത്ഥം ഞാനറിയിച്ചതു രഘുപതിയെ ബ

ഹുമാനമതില്ലെ രഘുപതിയെ ബഹുമാനമതുണ്ട്
കല്പിച്ചാലതു കേൾക്കരുതായൊ കല്പിച്ചാലതു കേ
ൾക്കംതാനും അതിനെന്തൊരു വൈഷമ്യമിദാ
നീം അതിനൊരു വൈഷമ്യം കുറെയുണ്ട് ആയതു
മെന്നോടറിയിച്ചാലും ആയതുമടിയനുണർത്തിച്ചീ
ടാം ആയതമിഴിയാളാകിയ ജാനകി ലക്ഷ്മീഭഗവ
തിയാകിയ സീതാ രക്ഷകുലാന്തകനാകിയ നൃപനു
ടെ അന്തികഭാഗത്തില്ലെന്നാകിൽ നിന്തിരുവടി
യെ കാണുകയില്ലെന്നന്തരഹീനമുരച്ചു ഹനുമാൻ
എന്നതു കേട്ടു മുകുന്ദൻതാനും നന്നിതുകൊള്ളാമ
വനുടെ ഭാവം എന്നാലിനിയുമൊരിക്കൽക്കൂടെ
ചെന്നുവരേണം ഭാനുകുലേന്ദ്രാ ചാരുതയാംജന
കാത്മജയോടും ദ്വാരകതന്നിൽ വസിച്ചീടുന്നു ശ്രീ
രഘുനായകനെന്നതുനമ്മുടെ മാരുതിയോടു പറ
ഞ്ഞീടുകപോയ് കല്പന കേൾപ്പാൻ മടിയില്ല
ടിയനു ചിൽപുരുഷോത്തമ കൃഷ്ണമുരാരെ ത്വല്പ
ദപങ്കജമല്ലാതൊരുഗതി യില്ലുർവ്വിഷക്കില്ലഖില! ജ
നേശ എന്നുപറഞ്ഞു പറന്നുതിരിച്ചു പന്നഗഭൂഷ
ണ പക്ഷിശ്രേഷ്ഠൻ

പങ്കജാക്ഷനതുനേരംതന്നുടെ മങ്കമാരെവിളി
ച്ചരുൾചെയ്തു ലങ്കചുട്ടുപൊടിയാക്കിനിശാചര
സംഘമൻപൊടുമുടിച്ചൊരുഹനുമാൻ ശങ്കരപ്രി
യനശേഷജനങ്ങടെ സങ്കടങ്ങളൊഴിച്ചുസുഖത്തെ
സംഘടിപ്പതിനു നല്ലസമർത്ഥൻ ശങ്കവേണ്ടശശി
നേർമുഖിമാരെ കല്യനാമവനെയിങ്ങുവരുത്താൻ
ചൊല്ലിവിട്ടു വിനതാത്മജനെഞാൻ നല്ലവീര്യ
ബലശാലിഹനുമാനില്ലകില്ലിഹ വരും വിരവോ
ടെ രാമഭദ്രനുടെ നല്ലൊരുമേഘശ്യാമകോമളമു

മാരശരീരം ഞാനുമൻപൊടു ധരിച്ചീടുന്നേൻ ഭാഗ്യമുള്ള പതിനാറുസഹസ്രം ഭാൎയ്യമാരിലൊരുപത്മജഗാത്രി വേഗമിന്നു ജനകാത്മജതന്നുടെ വേഷമൻപൊടു ധരിക്കണമിപ്പോൾ

നാരായണനുടെകല്പനകേട്ടഥ നാരികൾപതിനാറായിരമുള്ളതി ലൊരുനാരിക്കും ജനകാത്മജയുടെതിരുമേനിക്കുസമാനശരീരം വിരവൊടുഹന്ത ധാരിപ്പാൻകൗശലമൊരുത്തൎക്കും പുനരുണ്ടായില്ല പരവശമവരുടെഭാവമതിങ്ങിനെ മുരരിപുഭഗവാൻ കണ്ടുചിരിച്ചു എട്ടന്നതാംഗികൾപിന്നെവിശേഷി ച്ചൊട്ടുമവൎക്കൊരുതാഴ്ച്ചയുമില്ല എന്നതിലാറുവിലാസിനിമാരൊടു നന്ദകമാരനുമരുളിച്ചെയ്തു.

കാളിന്ദീജാംബവതീസത്യേ കേളിയേറിനഭാമരുഗ്മിണി മിത്രവിന്ദയെന്നുള്ളോരുഭാൎയ്യേ തത്ര വന്നുവണങ്ങുവിനേവരും നേത്രരാഗമിനിക്കിഹ നിങ്ങടെ ഗാത്രരത്നമതുകണ്ടുസുഖിപ്പാൻ ജാനകിതന്നുടെവേഷമെടുപ്പാൻ മാനിനിമാൎക്കിഹകൌശലമുണ്ടോ ഞാനതുകാരണമിങ്ങുവിളിച്ചു ആനന്ദമെന്യേതാഴ്ത്തീടുന്നു അംഗനമാരവരാരുംപോന്നാർ ഞങ്ങൾനിനച്ചാലിന്നിതുമാത്രം സാധിപ്പാനെളുതല്ലമുകുന്ദ ബോധിച്ചീടുകതിരുമനതാരിൽ മന്ദസ്മിതവുംചെയ്തഥഭീഷ്മക നന്ദിനിയോടരുൾചെയ്തുമുകുന്ദൻ രുഗ്മിണിബാലെ മൈഥിലിതന്നുടെ വേഷമതാശുധരിക്കണമിപ്പോൾ രഘുനായകനുടെവേഷംഞാനും ലഘുതരമങ്ങുധരിച്ചീടുന്നേൻ വൈദർഭീശ്രുണുനീയും വിരവൊടു വൈദേഹീവടിവാശുധരിക്കാ ഹനുമാനിങ്ങുവരുന്നതിനുള്ളിൽ തന്നുമാറിസ്ഥിതിചെയ്യണമിപ്പോൾ എ

നാലുകെട്ടുപുരമുറിതന്നിൽ ചെന്നുകരേറിയിരുന്നു
പതുക്കെ കതകുമടച്ചു കണ്ണുമടച്ചു മൌനമിയന്നു മ
നസ്സുമുറച്ചു ജാനകിതന്നുടെതടമുലതുടയിണ ക
ടിതടമുദലസ്ഫുടമുടലുടെ ഗുണഗണമുടനേനോ
ൎത്തും പോൎത്തുശരീരം പാൎത്തുകരത്തിൽ പണിപല
ളും ചെയ്യാസ്ത്രകരാഗ്രെ മണിമെല്പണവുമെടുത്തഥ
നോക്കി കനിഞ്ഞുനിവൎന്നു പിരിഞ്ഞുവലഞ്ഞും
എളുതല്ലെന്നുമനസ്സിലുറച്ചു കളമൊഴിരുഗ്മിണി
കതകുതുറന്നു വെളിയിൽപോന്നുമുകുന്ദസമീപെ
തെളിവില്ലാതവൾമുഖവുംതാഴ്ത്തി ക്ഷീണമിയന്നു
വണങ്ങിച്ചൊന്നാൾനാണക്കേടുനമുക്കുഭവിച്ചു രാ
മൻതന്റെകളത്രമതാകിയ കാമിനിമണിയുടെ
വേഷമെടുപ്പാൻ പലപലയത്നംചെയ്യുന്നതി
നൊരു ഫലമുണ്ടായതുമില്ലമുരാരെ അണുമാത്രം
ഉപയമുണ്ടെന്നാകിൽ ഇതുമാത്രംകല്പിച്ചീടരുതെ
രുഗ്മിണിയിങ്ങനെചൊന്നതുകേട്ടൊരു വിശ്വംഭര
നാമംബുജനേത്രൻ.

സത്യഭാമയെവിളിച്ചരുൾചെയ്തു സത്യഭാഷി
ണി നിനക്കുനിനച്ചാൽ ജാനകിതന്നുടെവേഷമെ
ടുപ്പാൻ മാനിനിമാൎക്കിഹകൌശലമുണ്ടൊ അതുമി
തെങ്കിലതിസുന്ദരിതെല്ലും താമസിക്കരുതു കാമി
നിമൌലെ സത്യഭാമയതുകേട്ടൊരുനേരം സത്യ
സന്ധനെവണങ്ങിനടന്നു അങ്ങുചെന്നുജനകാത്മ
ജതന്നുടെ അംഗഭംഗിവഴിപോലെചമഞ്ഞു അ
ങ്ങുചെന്നുമുകിൽവൎണ്ണസമീപെ ഇന്ദുബിംബമു
ഖിനിന്നുവണങ്ങി കാൎമുകിൽവൎണ്ണനുമപ്പോൾത
ന്നെ കാൎമുകവുംതൃക്കയ്യിലെടുത്തു അമ്പുമെടുത്തു
പിടിച്ചുകരാഗ്രെ വമ്പുപെരുത്തദശാനനവീര

ന്ന അന്തകപുരിയിലയച്ചപുമാന്റെ ചന്തമിയ
ന്നാശരീരവുമപ്പോൾ.

പക്ഷീന്ദ്രനങ്ങനെ ചൊന്ന പവനാത്മജനെക്കണ്ടു
പക്ഷമിളക്കിക്കൊണ്ടുപറഞ്ഞു സന്തോഷത്തോ
ടെ ശ്രീരാമദേവനുണ്ടു സീതാദേവിയുംകൂടി വീരാ
വസിച്ചീടുന്ന ദ്വാരാവതിപുരിയിൽ പാരാതെ
പോകനമുക്കാരോമൽഭക്തിയോടെ.

നാരായണവാഹനനേവംപറഞ്ഞനേരം പാ
രംപ്രസാദിച്ചുരചെയ്തുഹനൂമാനപ്പോൾ പോ
രുന്നുണ്ടുഞാനുമെത്തുംസംശയംവേണ്ടാ അഗ്രേന
ടന്നാലുംനീ യധുനാപക്ഷികളേന്ദ്രാ വ്യഗ്രേതരം
ഞാനഥ പിറകെവരുന്നുണ്ടല്ലൊ ചിറകുള്ളനിന
ക്കങ്ങു പറന്നുഗമിക്കാമല്ലൊ പിറകെപറന്നുപോ
രാൻ ചിറകുനമുക്കില്ലല്ലൊ കാടുംമലയുംകുന്നും
തോടുംകടന്നുദേഹം വാടിവലഞ്ഞുബഹു നേരം
കൂടിയെപറവു മുന്നെനീയങ്ങുചെന്നു രാമനോടറി
യിക്കാ പിന്നാലെവരുന്നുണ്ടു പിംഗാക്ഷനെന്നീ
വണ്ണം.

ഹനൂമാൻതന്റെവാക്കുകൾകേട്ടു വിഹംഗമ
രാജൻപോന്നൊരുശേഷംശ്രീഹനൂമാനൊരുനൊ
ടിനേരംകൊ ണ്ടതിവേഗാലദ്വാരകപററി സീതാ
സഹിതനതാകിയരഘുകുല നാഥൻതന്റെ ചര
ണസരോജെ വീണുനമസ്കൃതിചെയ്തു പതുക്കെ
പാണികൾമൌലിയിൽവെച്ചഥകൂപ്പി വാണികൾ
കൊണ്ടു ബഹുസ്തുതിചെയ്തു നാണമൊഴിച്ചിതി
മാരുതപുത്രൻ രാമഹരെജയ രഘുകുലനായക രാ
വണനാശനരാഘവജയജയ ജനകതനൂജേ ദേ
വിനമസ്തേ കനകമനോഹരകോമളകായെ മന്ന

കുലപുംഗവ മാനിനിമായെ ഇത്തരമനവധിനുതി
ഗിരമോതി ചിത്രവിചിത്രവിചിത്രനതാകിയ സീ
താപതിയൊട്ട യാത്രയുമോതി പ്രീത്യായാതന
തായ് ഹനുമാനും പവനജനങ്ങുഗമിച്ചൊരുശേ
ഷം പതഗകുലേന്ദ്രൻവന്നുവണങ്ങി ഹനുമാനെ
ങ്ങുവിഹംഗമവീരാ ഹനുമാനൊണ്ടിഹപിറകെകവ
രുന്നു അയ്യോഭോഷാ നീയറിയാത ങ്ങഞ്ജനതന്നു
ടെ തനയന്നിദാനീം കണ്ടുപറഞ്ഞു മറഞ്ഞിട്ടി
പ്പോൾ രണ്ടരനാഴികയങ്ങുകഴിഞ്ഞു മാരുതനെ
ക്കാൾവേഗമത്രുള്ളൊരു മാരുതസുതനെ ജയിപ്പാ
നിപ്പോൾ പാരിലൊരുത്തരുമതിയാകില്ലാ പോ
ഷംനിന്നുടെഗർവ്വുകളെല്ലാം എന്നരുൾചെയ്തുമുകു
ന്ദൻഭഗവാൻരാഘവരൂപമുപേക്ഷിച്ചുടനെഉന്ന
തമായൊരു മണിഭവനാന്തെ ചെന്നുവസിച്ചിതു
വാസവസഹജൻ ഗരുഡനുമേററംവിസ്മയമോ
ടെ മാരുതസുതനെബഹുമാനിച്ചു ഹരിഹരമുരഹ
ര ചരണംകൂപ്പി തിരുവൈകുണ്ഠത്തങ്ങുഗമിച്ചു.

സമാപ്തം.

1956.K 2305 ✓

ശാലയിൽനിന്നു പുറത്തു പുറപ്പെട്ടു
ലീലയാ കൃഷ്ണനും രാമനും ബാലരും
ഓരോ വിചിത്രങ്ങൾ കണ്ടു നടക്കുമ്പോൾ
പൌരന്മാരവർതന്റെ പരാക്രമം
കണ്ടുകൊണ്ടിവർ ദേവാധിപന്മാരാം
ഇങ്ങളിലല്ലെന്നു നിരൂപിച്ചിതേററവും
സൂര്യൻ മറഞ്ഞിതു സന്ധ്യയും വന്നപ്പോൾ
പാരാതെ ബാലകന്മാർ ജലസന്നിധൌ
ചെന്നു പദമുഖക്ഷാളനവും ചെയ്തു
വന്ദിച്ചു സന്ധ്യയെപ്പിന്നെ മോദത്തോടും
ഊണും കഴിച്ചു ക്ഷീരങ്ങളും സേവിച്ചു
വാണിതു നിദ്രയെ സേവിച്ചവർകളും
കൃഷ്ണരാമന്മാരങ്ങാതെ കംസന്റെ
ക്രൂര കർമ്മങ്ങളെ യോർത്തു കിടന്നിതു
നന്ദാത്മജൻ വില്ലെട്ടങ്ങൊടിച്ചതും
തന്നുടെ ഭൃത്യരെക്കൊന്നതുമോർത്തോർത്തു

അക്രൂരനാദിയാം ഭൃത്യവർഗ്ഗങ്ങളും
നിത്യഭാവത്തോടൊഴിച്ചു ചെന്നവർ
മുഖ്യമാം മഞ്ചം കരേറിയിരുന്നിതു
നന്ദാദിഗോപാലരേയും വരുത്തീട്ടു
നന്ദിച്ചു കംസനും മഞ്ചേ വസിപ്പിച്ചു
എല്ലാവരെയുമിരുത്തി ഭോജാധിപൻ
നല്ല മഹാതുംഗമഞ്ചേ തൻ ഭൃത്യരും
ഒന്നിച്ചു ചെന്നു കരേറി സപർണ്ണനാം നേ
പച്ചക്കിട്ടിപ്പുതനായൂന്ന്യനായ് ...
തിങ്കൾതൊഴ്മാലവട്ടരെ ചാമര-
വെണ്കൊററക്കുടയും പിടിപ്പിച്ചിരുന്നിതു
ചുററും ചുഴന്നു പരന്മാരാലും
ഏററവും സേവ്യനായ് സന്തോഷഭാവനാ
തങ്കലുള്ളോരു ചാപല്യംമറച്ചവൻ
ശങ്കാവിഹീനനായേററവും ശോഭിച്ചാൻ
മല്ലവാദ്യങ്ങൾ ഘോഷിച്ചിതു നേരം

# പരസ്യം

തിനവിള വി. രാമൻവൈദ്യൻ അവർകളാൽ എഴുതപ്പെട്ട കാമോപദേശം പുസ്തകം ൧-ക്കു ൬-പൈ.

കെ. ഗോവിന്ദപ്പിള്ള അവർകളാൽ (ഭാവപ്രകാശം) എന്ന വൈദ്യഗ്രന്ഥത്തോടുകൂടി എഴുതപ്പെട്ട മനുസ്മൃതി പുസ്തകം ൧-ക്കു വില രൂപാ ൨. താഴെ പറയുന്ന

മനോല്ലാസം വരുത്തുക അനവധി കഥകൾ, നാടകങ്ങൾ, വിനോദകരങ്ങളായ മറ്റും പല പുസ്തകങ്ങൾ ഉള്ളവയ്ക്കും പുറമെ പള്ളിക്കൂടം സംബന്ധമായ പുസ്തകങ്ങളും ഇവിടെ വിൽപാൻ തയ്യാറുണ്ട്. എല്ലാവിധം അച്ചടിപ്പണികളും, അച്ചടി ന്യായമായ സൌകര്യം ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കപ്പെടും.

എസ്. ടി. റെഡ്യാർ

"വിദ്യാഭിവർദ്ധിനി" ഉടമസ്ഥർ

കൊല്ലം.

തിരുവിതാംകൂർ.

3.65

# രാമാനുചരിതം

ഓട്ടംതുള്ളൽ.

ഹരിഃ ശ്രീഗണപതയേനമഃ

അവിഘ്നമസ്തു.

കാരണപൂരുഷനാകിയഭഗവാൻ വാരണവരദ
ൻവാരിജനയനൻ ദ്വാരാവതിപുരിതന്നിലുദാരം
ദാരങ്ങളുടെസമൂഹത്തോടും സ്വൈരംവാണരുളീ
ടിനകാലം നാരദമുനിവരനൊരുദിനമെമ്പാടു നാ
രായണനെക്കാണ്മതിന്നവിടെ പാരാതങ്ങെഴുന്നെ
ള്ളിനിഗൂഢം പതിനാറായിരമെട്ടുംസ്ത്രീകടെ പ
തിയാകുന്നപരമ്പുരുഷൻതാൻ അതിമാനുഷനി
വനെങ്കിലുമനവധി മതിമുഖിമാരൊടുക്രീഡിരമി
പ്പാൻ മതിയാവ്വരുമോതാനൊരുവൻപുന രതി
ന്നുടെകൌശലമിങ്ങറിയേണം പ്രതിദിനമോരോ
നാരികളോടും രതിസുഖമനുഭവമെന്നുവരുമ്പോ
ൾ ഉഴവില്ലാതൊരുപല്ലുകിളുത്തൊരു പഴനില
മെന്നകണക്കേസ്ത്രീകൾ ക്ലേശംവരുവാൻവളരെ
ക്കാലം പാഴിലിരുന്നോസംഗതികൂടു മുപ്പത്തുമെട്ടു
മൊരഞ്ചുംവർഷം മാസംപത്തുംദിവസമൊരെട്ടും
അങ്ങുകഴിഞ്ഞാലൊരുദിനമവനൊടു സംഗമമം
ഗനമാർക്കുലഭിക്കും രണ്ടാംകുറിവരുമളവേനാരിക
ൾ കണ്ടാലാകാതായ്വരുമപ്പോൾ തണ്ടാർമാതി